**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1638** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി പതിച്ച് നൽകുന്നതിനു നൽകുന്നതിന് അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പുലിയൂർ പഞ്ചായത്തിൽ നാലാം വാർഡിലെ പാറപ്പുറമ്പോക്കിൽ 30 വർഷത്തിലധികമായി താമസിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയലാറ്റുംതറയിൽ സുമതി, ഭൂമി പതിച്ച് നൽകുന്നതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (എ) | ശ്രീമതി. സുമതി കൈവശം വച്ച് താമസിച്ചു വരുന്ന പുലിയൂർ പഞ്ചായത്തിലെ റീ.സ. 392/8 ൽപ്പെട്ട ഭൂമി, പാറപ്പുറമ്പോക്ക് വിഭാഗത്തിൽപ്പെട്ടതായതിനാൽ പതിവിന് വിധേയമല്ല. എന്നാൽ 23.09.2015 - ലെ സ.ഉ.(കൈ) നമ്പർ 484/2015/റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറയായി കാണപ്പെടുന്ന സ്ഥലം മാത്രം സർവ്വേ ചെയ്ത് പാറപ്പുറമ്പോക്കിൽ നിലനിർത്തുന്നതിനും ബാക്കി സ്ഥലം അളന്ന് ചട്ട പ്രകാരം കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ചു. ശ്രീമതി. കെ.ആർ. സുമതി - യുടെ കൈവശമുള്ള ഭൂമിയിൽ സംരക്ഷിക്കപ്പെടേണ്ട പാറ ഇല്ല എന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പതിവ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ